**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1444** **10-10-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെയും മറ്റ് സംസ്ഥാനങ്ങളിലെയും മിനിമം കൂലി നിരക്കുകളുടെ താരതമ്യപഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പ്രധാന തൊഴിൽ മേഖലകളിൽ കേരളത്തിലെ മിനിമം കൂലി നിരക്കും മറ്റ് സംസ്ഥാനങ്ങളിൽ നിലവിലുള്ള മിനിമം കൂലി നിരക്കും തമ്മിലുള്ള താരതമ്യ പഠനം സംബന്ധിച്ച റിപ്പോർട്ടുകൾ എന്തെങ്കിലും നിലവിലുണ്ടോ; | (എ) | കേരളത്തിലെ മിനിമം കൂലി നിരക്കും മറ്റ് സംസ്ഥാനങ്ങളിൽ നിലവിലുള്ള മിനിമം കൂലി നിരക്കും തമ്മിലുള്ള താരതമ്യ പഠനം സംബന്ധിച്ച് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച 15.11.2023-ലെ 'Handbook of Statistics on Indian States, 2022-23' റിപ്പോർട്ട് നിലവിലുണ്ട്. സംസ്ഥാനത്ത് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള ഗ്രാമീണ കാർഷിക-കാർഷികേതര നിർമ്മാണ മേഖലകളിലെ പ്രതിദിന വേതനം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ ഉയർന്ന നിരക്കിലാണെന്ന് മേൽ റിപ്പോർട്ടിൽ പ്രതിപാദിയ്ക്കുന്നുണ്ട്. ടി റിപ്പോർട്ട് പ്രകാരം കേരളത്തിലെ ഗ്രാമീണ കാർഷിക മേഖലയിലെ പുരുഷ തൊഴിലാളികളുടെ ശരാശരി പ്രതിദിന വേതനം 764.3 രൂപയും കാർഷികേതര മേഖലയിലെ പുരുഷ തൊഴിലാളികളുടെ ശരാശരി പ്രതിദിന വേതനം 696.6 രൂപയും നിർമ്മാണ മേഖലയിലെ പുരുഷ തൊഴിലാളികളുടെ ശരാശരി പ്രതിദിന വേതനം 852.5 രൂപയുമാണ്. ടി തുക മറ്റ് സംസ്ഥാനങ്ങളിലെ തൊഴിലാളികൾക്ക് നൽകി വരുന്ന പ്രതിദിന വേതനത്തേക്കാൾ ഉയർന്ന നിരക്കിലാണ്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാർഷിക മേഖലയിലെ ദേശീയ ശരാശരി 345.7 രൂപയും, കാർഷികേതര മേഖലയിലെ ദേശീയ ശരാശരി 348 രൂപയും, നിർമ്മാണ മേഖലയിലെ ദേശീയ ശരാശരി 393.3 രൂപയുമാണ്. ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ കാർഷിക-കാർഷികേതര നിർമ്മാണ മേഖലകളിൽ ദേശീയ ശരാശരിയുടെ ഇരട്ടിയിലധികം കൂലി നൽകുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കേരളത്തിലെ മിനിമം കൂലി നിരക്കും മറ്റ് സംസ്ഥാനങ്ങളിൽ നിലവിലുള്ള മിനിമം കൂലി നിരക്കും തമ്മിലുള്ള താരതമ്യ പഠനം സംബന്ധിച്ച് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച 15.11.2023-ലെ |

| | | | |
|---|---|---|---|
| | | | 'Handbook of Statistics on Indian States, 2022-23' റിപ്പോർട്ട് നിലവിലുണ്ട്. സംസ്ഥാനത്ത് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള ഗ്രാമീണ കാർഷിക-കാർഷികേതര നിർമ്മാണ മേഖലകളിലെ പ്രതിദിന വേതനം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ ഉയർന്ന നിരക്കിലാണെന്ന് മേൽ റിപ്പോർട്ടിൽ പ്രതിപാദിയ്ക്കുന്നുണ്ട്. ടി റിപ്പോർട്ട് പ്രകാരം കേരളത്തിലെ ഗ്രാമീണ കാർഷിക മേഖലയിലെ പുരുഷ തൊഴിലാളികളുടെ ശരാശരി പ്രതിദിന വേതനം 764.3 രൂപയും കാർഷികേതര മേഖലയിലെ പുരുഷ തൊഴിലാളികളുടെ ശരാശരി പ്രതിദിന വേതനം 696.6 രൂപയും നിർമ്മാണ മേഖലയിലെ പുരുഷ തൊഴിലാളികളുടെ ശരാശരി പ്രതിദിന വേതനം 852.5 രൂപയുമാണ്. ടി തുക മറ്റ് സംസ്ഥാനങ്ങളിലെ തൊഴിലാളികൾക്ക് നൽകി വരുന്ന പ്രതിദിന വേതനത്തേക്കാൾ ഉയർന്ന നിരക്കിലാണ്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാർഷിക മേഖലയിലെ ദേശീയ ശരാശരി 345.7 രൂപയും, കാർഷികേതര മേഖലയിലെ ദേശീയ ശരാശരി 348 രൂപയും, നിർമ്മാണ മേഖലയിലെ ദേശീയ ശരാശരി 393.3 രൂപയുമാണ്. ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ കാർഷിക-കാർഷികേതര നിർമ്മാണ മേഖലകളിൽ ദേശീയ ശരാശരിയുടെ ഇരട്ടിയിലധികം കൂലി നൽകുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ